(ബി) ജനുവരി ഒന്നു മുതൽ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഫാറത്തിൽ കഴിയുന്നതും കൂടുതൽ പേരെ ഒഴിവാക്കുന്നതിന് വേണ്ടിയുള്ള ചോദ്യാവലിയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ (ചോദ്യാവലി) ലളിതമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) റേഷൻ കാർഡ് പുതുക്കുന്നതിനോടൊപ്പം ഭക്ഷ്യസുരക്ഷാ നിയമം നടപ്പിൽ വരുത്തുതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനായുള്ള വിവരശേഖരണം കൂടി നടത്തുന്നുണ്ട്. ഇതിനായുള്ള ചോദ്യാവലികൾ 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ 14-1-2011-ലെ സ.ഉ.(കൈ) നമ്പർ 16/11/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ) നമ്പർ 112/12/ ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്.

പാചക വാതക ഗുണഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

184(4815) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് ഏജൻസി ഓഫീസ് നടപടിക്രമത്തിലെ കാലതാമസം മൂലം പാചക വാതക വിതരണം ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നത്; നിലവിലുള്ള സംവിധാനം ഫലപ്രദമാണോ;

(സി) ജനപ്രതിനിധികളെയും പാചക വാതക വിതരണക്കാരെയും ഗുണഭോക്താക്കളെയും മറ്റ് ബന്ധപ്പെട്ടവരെയും ഉൾപ്പെടുത്തി പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം കമ്മിറ്റികൾക്ക് ആവശ്യമായ നിയമത്തിന്റെ പിൻബലം നൽകുമോ;

(ഇ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ 6 മാസത്തിനിടെ ഇത്തരം പരാതി പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗ്യാസ് സിലിണ്ടർ ബുക്ക് ചെയ്യുന്നതിനും ഡെലിവറിക്കും കൃത്യമായ നടപടിക്രമങ്ങൾ എണ്ണക്കമ്പനികൾ ഏർപ്പെടുത്തിയിട്ടുണ്ട്. റ്റ് ഡെലിവറിക്ക് പുറമെ IVRS സംവിധാനം വഴി സിലിണ്ടർ ബുക്ക് ചെയ്തവർക്കും സീനിയോറിറ്റി അനുസരിച്ചാണ് ഡെലിവറി നടത്തുന്നത്. സിലിണ്ടർ ബുക്കിംഗും ഡെലിവറിയും എസ്.എം.എസ്. സംവിധാനത്തിലൂടെ രജിസ്റ്റേർഡ് മൊബൈലിൽ അറിയിക്കുന്നുമുണ്ട്. ഇത്തരം സംവിധാനങ്ങൾ നിലവിലുള്ള ഈ സാഹചര്യത്തിൽ എൽ.പി.ജി. ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷിച്ച് നടപടിയെടുക്കുന്നതിലേക്കായി അതാത് ജില്ലാ സപ്ലൈ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പാചക വാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫാറങ്ങളിൽ താലൂക്ക് സപ്ലൈ ഓഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്.

(ഡി) സോഷ്യൽ മോണിറ്ററിംഗ് സമിതികൾ 2-5-2012-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 9/2012/ഭ.സി.സ.വ. പ്രകാരമാണ് പ്രവർത്തിക്കുന്നത്.

(ഇ) പാലക്കാട് ജില്ലയിൽ പരാതി പരിഹരിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എണ്ണക്കമ്പനി പ്രതിനിധികൾ, എൽ.പി.ജി. വിതരണക്കാർ, ഉപഭോക്തൃ സംരക്ഷണ സമിതി അംഗങ്ങൾ, പരാതിക്കാർ എന്നിവർ ഉൾപ്പെടുന്ന ഓപ്പൺ ഫാറം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly